# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3320** **22/08/2017-ന് മറുപടിക്ക്**

**<u>ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാനം</u>**

**ചോദ്യം** **ഉത്തരം**

ശ്രീ.ആർ.രാമചന്ദ്രൻ

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബവാർഷിക വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 25.07.2015 ലെ G.O.(P) No.23/15/P&ARD നമ്പർ ഉത്തരവ് പ്രകാരം സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപ ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കുമോ; വിശദീകരിക്കുമോ; ആയത് സംബന്ധിച്ച പരിഷ്കരിച്ച ഉത്തരവ് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കാറുണ്ട്. വരുമാന പരിധി വർധിപ്പിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

ജീവനക്കാര്യം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം—കുടുംബ വാർഷിക വരുമാന പരിധി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ. ഉ. (പി.) നം. 23/2015/ഉ.ഭ.പ.വ.** *തിരുവനന്തപുരം, തീയതി 2015 ജൂലൈ 25.*

---

പരാമർശം :—1. 24-5-1999-ലെ സ. ഉ. (പി) നമ്പർ 12/99/ഉ.ഭ.പ.വ.
2. 12-4-2010-ലെ സ. ഉ. (പി) നമ്പർ 14/10/ഉ.ഭ.പ.വ.
3. 31-1-2014-ലെ സ. ഉ. (കൈ) നമ്പർ 5/14/പി.സ.വി.വ.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം പ്രസ്തുത നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പരാമർശം (2) പ്രകാരം നിലവിലുള്ള വരുമാന പരിധി നാലര ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

പരാമർശം (3)-ലെ ഉത്തരവ് പ്രകാരം സർക്കാർ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി ആറ് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആശ്രിതനിയമനം ലഭിക്കുന്നതിനുള്ള വരുമാന പരിധിയും ആറ് ലക്ഷം രൂപയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

[മറുപുറം

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആശ്രിതനിയമന പദ്ധതി പ്രകാരമുള്ള നിയമനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി നിലവിലുള്ള നാലര ലക്ഷം രൂപയിൽ നിന്ന് ആറ് ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഇ. കെ. മാജി**
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
പൊതുഭരണ (എസ്. സി.) വകുപ്പ്.
ധനകാര്യ (എക്സ്പെൻഡിച്ചർ-എ) വകുപ്പ് (48163/E-10278/Exp. A3/14/Fin. dated 14-8-2014). (7003/E-10278/Exp. A3/15/Fin. dated 21-3-2015).
ആസൂത്രണ സാമ്പത്തിക കാര്യ (BPE) വകുപ്പ് (15288/BPE2/14/Plg dated 7-1-2015.
നിയമ (ഒപ്പീനിയൻ) വകുപ്പ് (8586/Opinion/E2/15/Law dated 14-5-2015).
വിവര പൊതുജന സമ്പർക്ക (Web & New Media) വകുപ്പ് (പ്രചാരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.